ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1114

# സൂറ – 38 / സ്വാദ്

## സൂക്തം: 04 – 11

പ്രപഞ്ചത്തിന്റെ ഓരോ ഘടകവും സൃഷ്ടിച്ചത് ഓരോ സ്വതന്ത്ര ദൈവമാണെങ്കിൽ ഓരോ ഘടകത്തിന്റെയും പ്രവർത്തനം അതിന്റെ സ്രഷ്ടാവിന്റെ ഇഛാനുസാരമായിരിക്കും. ദൈവങ്ങളുടെ ഇഛകൾ വ്യത്യാസപ്പെടുന്ന മുറക്ക് പ്രപഞ്ചം താറുമാറാകും. ഇഛാസ്വാതന്ത്ര്യമുള്ള പല ശക്തികളുണ്ടാകുമ്പോൾ അതിൽ ചിലർ മറ്റുള്ളവരിൽ മേൽക്കോയ്മ നേടാൻ ഇഛിക്കുക സ്വാഭാവികമാണ്. ദൈവങ്ങൾക്കിടയിൽ സംഘർഷവും പ്രപഞ്ചത്തിന്റെ നാശവുമായിരിക്കും അതിന്റെ ഫലം.

وَعَجِبُوٓا۟ أَن جَآءَهُم مُّنذِرٌ مِّنْهُمْ ۖ وَقَالَ ٱلْكَٰفِرُونَ هَٰذَا سَٰحِرٌ كَذَّابٌ ﴿٤﴾

4. തങ്ങളിൽനിന്ന് ഒരു മുന്നറിയിപ്പുകാരൻ ആഗതനായതിൽ അവർ അത്ഭുതം കൂറുകയും ചെയ്യുന്നു. സത്യനിഷേധികൾ ഘോഷിച്ചു: പെരുങ്കള്ളനായ മാന്ത്രികനാണിയാൾ.

أَجَعَلَ ٱلْـَٔالِهَةَ إِلَٰهًا وَٰحِدًا ۖ إِنَّ هَٰذَا لَشَىْءٌ عُجَابٌ ﴿٥﴾

5. ബഹുദൈവങ്ങളെയെല്ലാം ഒറ്റ ദൈവമാക്കിയെന്നോ?! ഇതൊരു മഹാത്ഭുത സിദ്ധാന്തം തന്നെ.

**4,5**

وَعَجِبُوٓا۟ = അവർ അത്ഭുത(ം കൂറുന്നു)പ്പെട്ടു أَن جَآءَهُم = അവർക്കു വന്നതിന് (ആഗതനായതിൽ)

مُّنذِرٌ مِّنْهُمْ ۖ = അവരി(തങ്ങളി)ൽനിന്നൊരു മുന്നറിയിപ്പുകാരൻ

وَقَالَ ٱلْكَٰفِرُونَ = സത്യനിഷേധികൾ പറഞ്ഞു (ഘോഷിച്ചു)

هَٰذَا سَٰحِرٌ كَذَّابٌ = ഇത് (ഇയാൾ) പെരുങ്കള്ളനായ മാന്ത്രികനാകുന്നു

أَجَعَلَ ٱلْـَٔالِهَةَ = അയാൾ ബഹുദൈവങ്ങളെ (യെല്ലാം) ആക്കിയെന്നോ إِلَٰهًا وَٰحِدًا ۖ = ഒരൊറ്റ ദൈവം

إِنَّ هَٰذَا لَشَىْءٌ عُجَابٌ = തീർച്ചയായും ഇതൊരു മഹാത്ഭുത വസ്തു (സിദ്ധാന്തം) തന്നെ

وَعَجِبُوٓا۟-വിനെ സമാസിച്ചിരിക്കുന്നത് 2-ാം സൂക്തത്തിലെ ٱلَّذِينَ كَفَرُوا-വിനോടാണ്. അല്ലാഹുവിന്റെ രക്ഷാശിക്ഷകളെക്കുറിച്ച് മുന്നറിയിപ്പു നൽകുന്ന പ്രവാചകനാണ് منذر. ഇവൻ - هذا- മുഹമ്മദ് നബി(സ)യാണ്. كاذب (നുണയൻ)-ന്റെ അത്യുക്തിയാണ് كذّاب അജബി(അത്ഭുതം)-ന്റെ അത്യുക്തിയാണ് عجاب. അതിദീർഘം എന്ന അർഥത്തിനുവേണ്ടി طول-നെ طُوال ആക്കുന്നതുപോലെ.

വചനസാരം: ധാർഷ്ട്യത്താലും ദുരഭിമാനത്താലും പ്രേരിതരായി ഖുർആനിനെയും പ്രവാചകനെയും നിഷേധിച്ചവർ തങ്ങളിൽനിന്നൊരാൾ പ്രവാചകനായി നിയുക്തനാകുന്നതിൽ അത്ഭുതം കൂറുകയും ചെയ്യുന്നു. അവരുടെ വീക്ഷണത്തിൽ ദൂതന്മാരെ അയച്ച് സത്യധർമങ്ങൾ പഠിപ്പിക്കുകയും രക്ഷാശിക്ഷകൾ മുന്നറിയിപ്പു നൽകുകയും ചെയ്യുന്ന സമ്പ്രദായമൊന്നും അല്ലാഹുവിനില്ല. ഇനി അവൻ ദൂതന്മാരെ അയക്കുകയാണെങ്കിൽ അയക്കേണ്ടത് അവന്റെ സമീപസ്ഥരായ മലക്കുകളെയോ മറ്റ് അതിമാനുഷ അസ്തിത്വങ്ങളെയോ ആകുന്നു. തങ്ങളിൽപെട്ട

ഒരു മനുഷ്യനെ അതിനു തെരഞ്ഞു പിടിക്കേണ്ട കാര്യമൊന്നും അല്ലാഹുവിനില്ല. അതിനാൽ ഇയാൾ ഒരു മന്ത്രവാദിയാണ്. മന്ത്രവാദികളാണല്ലോ സാധാരണക്കാർക്ക് മനസ്സിലാവാത്ത മന്ത്രങ്ങൾ ചൊല്ലി നടക്കുക. ഇവൻ കേവല മന്ത്രവാദിയല്ല, പെരുങ്കള്ളനായ മന്ത്രവാദിയാണ്. തന്റെ ദുരൂഹമായ മന്ത്രങ്ങളിലൂടെ ആളുകളെ വശീകരിച്ച് വഴി തെറ്റിക്കുകയാണയാൾ - നോക്കൂ, ബഹുദൈവങ്ങളെയെല്ലാം ഒരൊറ്റ ദൈവമാക്കുകയാണത്രെ, എത്ര വിചിത്രമാണിയാളുടെ ദർശനം!

പൗരാണിക ബഹുദൈവവിശ്വാസികളുടെ ദൃഷ്ടിയിൽ പ്രപഞ്ചത്തിന്റെ സ്രഷ്ടാവും വിധാതാവും ഒരൊറ്റ ദൈവമാവുക അസംഭവ്യമാണ്. അനേക ദൈവങ്ങളുടെ സഹകരണ സംരംഭമാണീ പ്രപഞ്ചം. അതിനുന്നയിക്കപ്പെടുന്ന ന്യായം ഇതാണ്: വൈവിധ്യവും വൈരുധ്യവുമാർന്ന എണ്ണമറ്റ പ്രതിഭാസങ്ങൾ നിറഞ്ഞുകിടക്കുന്ന അപാര മണ്ഡലമാണ് പ്രപഞ്ചം. ഒരു ദൈവത്തിന് ഒറ്റക്ക് അതു സൃഷ്ടിക്കാനോ പരിപാലിക്കാനോ സാധിക്കുകയില്ല. അവനു സഹായികളും സഹകാരികളും കൂടിയേ തീരൂ. ചില ദൈവങ്ങൾ ഭൂമി സൃഷ്ടിച്ചു, മറ്റു ചില ദൈവങ്ങൾ ആകാശം സൃഷ്ടിച്ചു. ചിലർ സസ്യലതാദികൾ സൃഷ്ടിച്ചു. ചില ദൈവങ്ങൾ മഴപെയ്യിക്കുന്നു. വേറൊരു ദൈവം കാറ്റിന്റെ കാര്യം നോക്കുന്നു. ചിലർ ഭൂമിയിൽ ജന്തുജാലങ്ങൾ സൃഷ്ടിച്ചു. ചിലർ മനുഷ്യരെ സൃഷ്ടിച്ച് അവന്റെ ഭാഗധേയം നിശ്ചയിക്കുന്നു. ഇനി പ്രപഞ്ചത്തെ സൃഷ്ടിച്ചത് ഒറ്റ ദൈവമാണെങ്കിൽതന്നെ അതിന്റെ ഭരണവും പരിപാലനവും വികസനവുമൊക്കെ മറ്റു പല ദൈവങ്ങളാണ് നടത്തുന്നത്. എല്ലാം നോക്കിനടത്തുക ഒറ്റ ദൈവത്തെക്കൊണ്ട് പറ്റുന്ന കാര്യമല്ല. അവരിപ്പറയുന്നതിന് നേർവിപരീതമാണ് യാഥാർഥ്യം. ഒരൊറ്റ ദൈവത്തിനു മാത്രമേ പ്രപഞ്ചത്തെ ഈ വിധം സൃഷ്ടിക്കാനും നിലനിർത്താനും കഴിയൂ. സ്വതന്ത്രരായ വിവിധ ദൈവങ്ങൾ സൃഷ്ടിച്ച വൈവിധ്യവും വൈരുധ്യവുമാർന്ന പ്രതിഭാസങ്ങളിൽനിന്ന് ഈവിധം സമഞ്ജസമായി കൂട്ടിയിണക്കപ്പെട്ട, പരസ്പരാശ്രിതമായും പരസ്പരപൂരകമായും പ്രവർത്തിക്കുന്ന, സുഭദ്രമായ ഘടകങ്ങളുള്ള പ്രപഞ്ചമായി രൂപം കൊള്ളുകയും ചിരകാലം നിലനിൽക്കുകയും സാധ്യമല്ല. സ്രഷ്ടാവും പാലകനും ഒരൊറ്റ ശക്തിയായിരിക്കുമ്പോൾ മാത്രമേ പ്രപഞ്ച ഘടകങ്ങളുടെ പാരസ്പര്യവും അതുവഴിയുള്ള പ്രപഞ്ചത്തിന്റെ നിലനിൽപും സാധ്യമാകൂ.

പ്രപഞ്ചത്തിന്റെ ഓരോ ഘടകവും സൃഷ്ടിച്ചത് ഓരോ സ്വതന്ത്ര ദൈവമാണെങ്കിൽ ഓരോ ഘടകത്തിന്റെയും പ്രവർത്തനം അതിന്റെ സ്രഷ്ടാവിന്റെ ഇഛാനുസാരമായിരിക്കും. ദൈവങ്ങളുടെ ഇഛകൾ വ്യത്യാസപ്പെടുന്ന മുറക്ക് പ്രപഞ്ചം താറുമാറാകും. ഇഛാസ്വാതന്ത്ര്യമുള്ള പല ശക്തികളുണ്ടാകുമ്പോൾ അതിൽ ചിലർ മറ്റുള്ളവരിൽ മേൽക്കോയ്മ നേടാൻ ഇഛിക്കുക സ്വാഭാവികമാണ്. ദൈവങ്ങൾക്കിടയിൽ സംഘർഷവും പ്രപഞ്ചത്തിന്റെ നാശവുമായിരിക്കും അതിന്റെ ഫലം. ദൈവങ്ങൾ അങ്ങനെയൊന്നും ഇഛിക്കുന്ന പ്രകൃതക്കാരല്ല എന്നാണെങ്കിൽ ആ ദൈവങ്ങൾക്ക് ഇഛാസ്വാതന്ത്ര്യമില്ല എന്നാണർഥം. ഇഛാസ്വാതന്ത്ര്യം പോലും ഇല്ലാത്തവർ എങ്ങനെയാണ് ദൈവങ്ങളാവുക? എല്ലാ ദൈവങ്ങളുടെയും ഇഛ ഒന്നു തന്നെയായിരിക്കും എന്നാണ് പിന്നെ പറയാവുന്നത്. എങ്കിൽ പല ദൈവങ്ങളുടെ പ്രസക്തിയെന്ത്? ദൈവം ഒന്നേയുള്ളൂ എന്നാണതിന്റെ ആത്യന്തികമായ അർഥം.

ഖുർആൻ ഈ യാഥാർഥ്യം നേരത്തേ രണ്ടു സന്ദർഭങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്:

قُل لَّوْ كَانَ مَعَهُ آلِهَةٌ كَمَا يَقُولُونَ إِذًا لَّابْتَغَوْا إِلَىٰ ذِي الْعَرْشِ سَبِيلًا

(പ്രവാചകൻ അവരോടു പറയുക; അവർ പറയുന്ന പോലെ അല്ലാഹുവിന്റെ കൂടെ ഇതര ദൈവങ്ങളുണ്ടായിരുന്നുവെങ്കിൽ അവർ സിംഹാസനാധിപന്റെ സ്ഥാനത്തെത്താൻ വഴിതേടുമായിരുന്നു -17:42).

مَا اتَّخَذَ اللَّهُ مِن وَلَدٍ وَمَا كَانَ مَعَهُ مِنْ إِلَٰهٍ ۚ إِذًا لَّذَهَبَ كُلُّ إِلَٰهٍ بِمَا خَلَقَ وَلَعَلَا بَعْضُهُمْ عَلَىٰ بَعْضٍ ۚ سُبْحَانَ اللَّهِ عَمَّا يَصِفُونَ

(സാക്ഷാൽ സത്യദൈവം ഒരു സന്തതിയെയും സ്വീകരിച്ചിട്ടില്ല. അവന്റെ കൂടെ ഇതര ദൈവങ്ങളുമില്ല. ഉണ്ടായിരുന്നുവെങ്കിൽ ഓരോ ദൈവവും താൻ സൃഷ്ടിച്ചതുമായി പിരിഞ്ഞുപൊയ്ക്കളയുമായിരുന്നു. പരസ്പരം മേയ്ക്കട്ട് കയറുകയും ചെയ്യുമായിരുന്നു. സാക്ഷാൽ ദൈവം ഇക്കൂട്ടർ ആരോപിക്കുന്നതിൽനിന്നൊക്കെയും പരിശുദ്ധനാകുന്നു - 23:91). ●

---

وَٱنطَلَقَ ٱلْمَلَأُ مِنْهُمْ أَنِ ٱمْشُوا۟ وَٱصْبِرُوا۟ عَلَىٰٓ ءَالِهَتِكُمْ ۖ إِنَّ هَٰذَا لَشَىْءٌ يُرَادُ ﴿٦﴾

مَا سَمِعْنَا بِهَٰذَا فِى ٱلْمِلَّةِ ٱلْءَاخِرَةِ إِنْ هَٰذَآ إِلَّا ٱخْتِلَٰقٌ ﴿٧﴾

6. നിഷേധികളിലെ പ്രമാണിമാർ എഴുന്നേറ്റുപോയി: നടക്കിൻ, നമ്മുടെ ദൈവങ്ങൾക്കു വേണ്ടി ഉറച്ചുനിൽക്കുവിൻ. ഈ പ്രസ്ഥാനത്തിന് എന്തോ ഗൂഢതാൽപര്യമുണ്ട്.

7. സമീപകാല മതങ്ങളിലൊന്നും നമ്മൾ ഇങ്ങനെയൊന്ന് കേട്ടിട്ടേയില്ല. ഇത് കേവലം വ്യാജ സൃഷ്ടിയാകുന്നു.

**6,7**

وَٱنطَلَقَ ٱلْمَلَأُ مِنْهُمْ = അവരി(നിഷേധികളി)ലെ പ്രമാണിമാർ (എഴുന്നേറ്റു) പോയി

أَنِ ٱمْشُوا۟ = എന്തെന്നാൽ നടക്കിൻ

وَٱصْبِرُوا۟ = ഉറച്ചു നിൽക്കുവീൻ

عَلَىٰٓ ءَالِهَتِكُمْ = നിങ്ങളു(നമ്മു)ടെ ദൈവങ്ങളിന്മേൽ (ദൈവങ്ങൾക്കു വേണ്ടി)

إِنَّ هَٰذَا لَشَىْءٌ يُرَادُ = ഉദ്ദേശിക്കപ്പെടുന്ന (എന്തോ- നിഗൂഢ താൽപര്യമുണ്ട്)

مَا سَمِعْنَا بِهَٰذَا = നാം ഇത് (ഇങ്ങനെയൊന്ന്) കേട്ടിട്ടേയില്ല

فِى ٱلْمِلَّةِ ٱلْءَاخِرَةِ = ഒടുവു (സമീപകാല)മതത്തിൽ (മതങ്ങളിലൊന്നും)

إِنْ هَٰذَآ إِلَّا ٱخْتِلَٰقٌ = ഇത് കൃത്രിമ സൃഷ്ടിയല്ലാതെയല്ല (കേവലം വ്യാജ സൃഷ്ടിയാകുന്നു)

اَلْمَلَأُ مِنْهُمْ അബൂത്വാലിബിന്റെ വീട്ടില്‍ ഒത്തുതീര്‍പ്പു സംഭാഷണത്തിനു വന്ന ഖുറൈശീ പ്രമാണിമാരാണ്. നബി(സ)യുടെ ഉറച്ച വാക്കുകള്‍ കേട്ട് തങ്ങളുടെ ഉദ്ദേശ്യം നടക്കാന്‍ പോകുന്നില്ലെന്നു മനസ്സിലാക്കി അവര്‍ പോകാനെഴുന്നേറ്റ് കൂടെയുള്ളവരോടു പറഞ്ഞു: 'ഉം നടക്കിന്‍, ഇനി ഇയാളോടു സംസാരിക്കുന്നതുകൊണ്ട് പ്രയോജനമില്ല.' إِمْشُوا (നടക്കുവിന്‍) എന്നതിന്റെ താല്‍പര്യം നിങ്ങള്‍ നടന്നുവരുന്ന വിശ്വാസപാതയില്‍ തന്നെ നടക്കുവിന്‍ എന്നുമാകാമെന്ന് ചില വ്യാഖ്യാതാക്കള്‍ അഭിപ്രായപ്പെട്ടിരിക്കുന്നു. صبر-ന്റെ ശാസനാക്രിയാരൂപമാണ് إِصْبِرُوا. സഹനത്തിനും ക്ഷമക്കും സ്ഥൈര്യത്തിനും صبر ഉപയോഗിക്കും. ക്ഷമയെ സകര്‍മകമാക്കാനും ഒരു കാര്യത്തിലുള്ള ഉറച്ചുനില്‍പിനെ കുറിക്കാനും صبر على എന്നു പറയും. ഉദാ: واصبر على ما يقولون (അവര്‍ പറയുന്നതൊക്കെ ക്ഷമിക്കുക). ഇവിടെ ഉപയോഗിച്ചിരിക്കുന്നത് കാര്യത്തില്‍ ഉറച്ചുനില്‍ക്കുക എന്ന അര്‍ഥത്തിലാണ്. അതായത്, നിങ്ങളുടെ പാരമ്പര്യ ദൈവങ്ങളിലുള്ള വിശ്വാസത്തിലും ആരാധനയിലും ഉറച്ചുനില്‍ക്കുവിന്‍ എന്നാണ് اَصْبِرُوا عَلَىٰٓ ءَالِهَتِكُمْ എന്നതിന്റെ താല്‍പര്യം. ബഹുദൈവങ്ങളെ ഒരൊറ്റ ദൈവത്തിലേക്ക് വെട്ടിച്ചുരുക്കുന്നതില്‍ ഇയാള്‍ക്കെന്തോ സ്വാര്‍ഥതാല്‍പര്യമുണ്ട്. لَشَيْءٌ يُرَادُ- ഉദ്ദേശിക്കപ്പെടുന്ന കാര്യം- എന്നാണ് മൂലവാക്ക്. നിക്ഷിപ്ത താല്‍പര്യമുണ്ട്, ഗൂഢോദ്ദേശ്യമുണ്ട്, രഹസ്യ അജണ്ടയുണ്ട് എന്നൊക്കെ പറയുന്നതിനു സമാനമായ പ്രയോഗമാണിത്. നിലവിലുള്ള ആചാരവിശ്വാസങ്ങളില്‍നിന്ന് ജനങ്ങളെ മുക്തരാക്കി അവരെ താന്‍ നിര്‍ദേശിക്കുന്ന വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും അനുയായികളായി പരിവര്‍ത്തിപ്പിക്കുകയും അവരുടെ അധികാരിയും ആചാര്യനുമായി വാഴുകയുമാണാ അജണ്ടയെന്ന് അവര്‍ സൂചിപ്പിക്കാറുണ്ട്.

ഇയാളിപ്പറയുന്ന ഏകദൈവസിദ്ധാന്തം അടുത്ത കാലത്തുണ്ടായ മതസമൂഹങ്ങളിലൊന്നും നാം കേട്ടിട്ടില്ല. അപ്പോള്‍ പ്രാചീന സമൂഹങ്ങളിലും അങ്ങനെയൊരു സിദ്ധാന്തമുണ്ടായിരുന്നില്ലെന്നുറപ്പാണല്ലോ. മതത്തിനും, സവിശേഷ മതവും സംസ്കാരവുമുള്ള സമൂഹത്തിനും مِلَّة എന്നു പറയും. ഇവിടെ രണ്ടര്‍ഥവും യോജിക്കും. اَلْمِلَّةِ الْأَخِرَةِ ഒടുവു മില്ലത്ത് അല്ലെങ്കില്‍ സമീപകാല മില്ലത്ത് ആണ്. തൊട്ടുമുമ്പ് കഴിഞ്ഞുപോയ പിതൃതലമുറയുടെ സംസ്കാരത്തെയാണിതുകൊണ്ടു സൂചിപ്പിക്കുന്നത്. പ്രാചീന മില്ലത്തില്‍- الملة القديمة اَلْمِلَّةِ എന്നു പറയാതിരുന്നത് രണ്ടാലൊരു കാരണത്താലാവാം: 1) പില്‍ക്കാല മില്ലത്തുകളില്‍ അതുണ്ടായിരുന്നില്ലെങ്കില്‍ മുന്‍കാല മില്ലത്തില്‍ ഒട്ടും ഉണ്ടായിരുന്നില്ല എന്ന് അനുക്തസിദ്ധമാകുന്നു. 2) അവരുടെ പൂര്‍വപിതാക്കളായ ഇസ്മാഈലീ-ഇബ്റാഹീമീ മില്ലത്തുകള്‍ ഏകദൈവ വിശ്വാസത്തിലധിഷ്ഠിതമായിരുന്നുവെന്ന കാര്യം അനിഷേധ്യമാണ്. പില്‍ക്കാലക്കാരുടെ മറവില്‍ ആ സത്യത്തില്‍നിന്ന് രക്ഷപ്പെടാന്‍ ശ്രമിക്കുകയാണവര്‍. اَلْمِلَّةِ الْأَخِرَةِ കൊണ്ട് വിവക്ഷ ക്രിസ്തു മതമാണെന്നും ചില പണ്ഡിതന്മാര്‍ അഭിപ്രായപ്പെട്ടിരിക്കുന്നു. പ്രവാചകന്റെ കാലത്ത് ക്രിസ്തുമതത്തിന് നാലഞ്ച് നൂറ്റാണ്ടേ പ്രായമുണ്ടായിരുന്നുള്ളൂ. അപ്പോഴേക്കും അവര്‍ ഏകദൈവവിശ്വാസം വര്‍ജിച്ച് ത്രിത്വവിശ്വാസം സ്വീകരിച്ചുകഴിഞ്ഞിരുന്നു. മറ്റു മതങ്ങളിലൊന്നും മാതൃകയില്ലാത്തതും ആരും പറയാത്തതുമായ ഈ സിദ്ധാന്തം മുഹമ്മദികളുടെ കൃത്രിമ സൃഷ്ടി തന്നെയാണ്. خلق(സൃഷ്ടി)-ല്‍നിന്നുത്ഭവിച്ച اَخْتِلَٰقٌ- വ്യാജ സൃഷ്ടി ആണ്. ●

---

أَءُنزِلَ عَلَيْهِ ٱلذِّكْرُ مِنۢ بَيْنِنَا ۚ بَلْ هُمْ فِى شَكٍّ مِّن ذِكْرِى ۖ بَل لَّمَّا يَذُوقُوا۟ عَذَابِ ﴿٨﴾

8. നമുക്കിടയില്‍ വേദമിറക്കപ്പെട്ടത് ഇയാള്‍ക്കാണെന്നോ?! അല്ല എന്റെ ഉദ്ബോധനത്തില്‍(ത്തിന്റെ യാഥാര്‍ഥ്യത്തെ) ആണ് അവര്‍ സംശയിക്കുന്നത്. പക്ഷേ എന്റെ ശിക്ഷ അവരിതുവരെ രുചിച്ചിട്ടില്ലല്ലോ.

**8**

أَءُنزِلَ عَلَيْهِ ٱلذِّكْرُ مِنۢ بَيْنِنَا = നമുക്കിടയില്‍നിന്ന് വേദം ഇയാള്‍ക്കിറക്കപ്പെട്ടുവോ (വേദമിറക്കപ്പെട്ടത് ഇയാള്‍ക്കാണെന്നോ?)

بَلْ هُمْ فِى شَكٍّ = അല്ല, അവര്‍ സംശയത്തില്‍ (സംശയിക്കുന്നത്) ആണ്

مِّن ذِكْرِى = എന്റെ ഉദ്ബോധനത്തില്‍ (നത്തിന്റെ യാഥാര്‍ഥ്യത്തില്‍)

بَل لَّمَّا يَذُوقُوا۟ = പക്ഷേ അവര്‍ (ഇതുവരെ) രുചിച്ചിട്ടില്ല عَذَابِ = എന്റെ ശിക്ഷ

തങ്ങളിലൊരാള്‍ പ്രവാചകനാകുന്നതില്‍ അത്ഭുതപ്പെട്ട്, പ്രവാചകത്വം വാദിക്കുന്ന മുഹമ്മദി(സ)നെ പെരുങ്കള്ളനായ മന്ത്രവാദിയെന്നധിക്ഷേപിച്ചുകൊണ്ട് 4-ാം സൂക്തത്തില്‍ ഉദ്ധരിച്ച ഖുറൈശി പ്രമാണിമാരുടെ പ്രസ്താവനയുടെ തുടര്‍ച്ചയാണിത്. പ്രവാചകന്മാരെ നിയോഗിക്കുന്ന ഏര്‍പ്പാടൊന്നും അല്ലാഹുവിനില്ല; അഥവാ ഉണ്ടെങ്കില്‍ തന്നെ അവന്‍ നിയോഗിക്കുക മലക്കുകളെയോ അതുപോലുള്ള അമാനുഷ സൃഷ്ടികളെയോ ആയിരിക്കും; മനുഷ്യരെ ആയിരിക്കുകയില്ല എന്നാണല്ലോ അവിടെ പറഞ്ഞത്. തുടര്‍ന്നു പറയുകയാണ്: ഇനി അല്ലാഹു മനുഷ്യനെയും പ്രവാചകനായി അയക്കുമെന്ന് സമ്മതിച്ചാല്‍ തന്നെ നമുക്കിടയിലേക്കയക്കാന്‍ തെരഞ്ഞെടുക്കുക ആളും അര്‍ഥവുമില്ലാത്ത ഈ മുഹമ്മദിനെയാണെന്നോ?! ഇവിടെ നമ്മളെപ്പോലെ ധനാഢ്യരും പ്രതാപികളുമായ എത്രയോ നേതാക്കളിരിക്കുന്നു. സ്ഥാനികളായ ഈ സമ്പന്നരെയൊക്കെ തഴഞ്ഞ് സര്‍വജ്ഞനായ ദൈവം തന്റെ ദൂതനാകാനും വേദമിറക്കിക്കൊടുക്കാനും കണ്ടെത്തിയത് കേവലം സാധാരണക്കാരനായ മുഹമ്മദിനെയാണെന്നോ?! ഇല്ല, ദൈവം ഒരിക്കലും അയാളെ പ്രവാചകനാക്കാന്‍ പാടില്ല. 2-ാം സൂക്തത്തില്‍ പറഞ്ഞ ദുരഭിമാനവും ധിക്കാരവും- عزة وشقاق ഇതില്‍ മുഴ

ങ്ങിക്കേൾക്കാം. 43:31 അവരുടെ വാദം ഉദ്ധരിക്കുന്നതിങ്ങനെയാണ്: وَقَالُوا لَوْلَا نُزِّلَ هَٰذَا الْقُرْآنُ عَلَىٰ رَجُلٍ مِّنَ الْقَرْيَتَيْنِ عَظِيمٍ (അവർ പറയുന്നു: ഈ ഖുർആൻ രണ്ടു മഹാ നഗരങ്ങളിലെ ഒരു പ്രമുഖന്ന് അവതരിക്കാത്തതെന്തുകൊണ്ട്?).

بَلْ هُمْ.... എന്ന വാക്യത്തിലെ بَلْ-ന്റെ താൽപര്യം, അവർ പറയുന്നതു പോലെ മുഹമ്മദ് (സ) പ്രവാചകത്വത്തിന് യോഗ്യനല്ല എന്ന വിചാരമല്ല അവരുടെ നിഷേധത്തിനാധാരം എന്നാണ്. പിന്നെയോ അദ്ദേഹം ഓതുന്ന വേദസൂക്തങ്ങൾ മുന്നറിയിപ്പു നൽകുന്ന പരലോകത്തിലും രക്ഷാശിക്ഷകളിലും അവർ സംശയാലുക്കളാകുന്നു എന്നതാണ് മൂലകാരണം. ഖുർആനിന്റെ യാഥാർഥ്യത്തിൽ സംശയാലുക്കളാകുന്നു എന്നുമാവാം ഉദ്ദേശ്യം. ഖുർആൻ മുഹമ്മദി(സ)ന്റെ രചനയാണ്, കൃത്രിമ സൃഷ്ടിയാണ്, കവിതയാണ്, ആഭിചാരമന്ത്രങ്ങളാണ്, ഇതിഹാസങ്ങളാണ് എന്നൊക്കെ മാറിമാറി പറഞ്ഞുകൊണ്ടിരിക്കുകയാണല്ലോ അവർ. സംശയം ഇവയിൽ ഏതായാലും യഥാർഥത്തിൽ നിഷേധിക്കുന്നത് ഖുർആനിനെയും അതിലെ ധർമസൂക്തങ്ങളെയുമാണ്. 6:33-ൽ അതിപ്രകാരം വ്യക്തമാക്കിയിരിക്കുന്നു: فَإِنَّهُمْ لَا يُكَذِّبُونَكَ وَلَٰكِنَّ الظَّالِمِينَ بِآيَاتِ اللَّهِ يَجْحَدُونَ (അവർ നിന്നെ തള്ളിപ്പറയുകയല്ല; പ്രത്യുത ധർമധിക്കാരികൾ ദൈവിക സൂക്തങ്ങളെയാണ് നിഷേധിക്കുന്നത്).

സൂക്തത്തിന്റെ സമാപനവാക്യമായ بَل لَّمَّا يَذُوقُواْ عَذَابِ കൂടുതൽ ഇണങ്ങുന്നത് രക്ഷാശിക്ഷകൾ സംബന്ധിച്ച മുന്നറിയിപ്പിനെ സംശയിക്കുന്നു എന്ന വ്യാഖ്യാനമാണ്. പ്രവാചകനെ നിഷേധിക്കുകയും ദ്രോഹിക്കുകയും ചെയ്യുന്നവർ ശിക്ഷിക്കപ്പെടുമെന്ന ഖുർആൻ നൽകുന്ന മുന്നറിയിപ്പ് ഇനിയും പുലർന്നു കാണാത്തതിന്റെ പേരിലാണ് അവരങ്ങനെ സംശയിക്കുന്നത്. ശിക്ഷ നടപ്പാക്കാൻ അല്ലാഹു ഒരു സമയം നിശ്ചയിച്ചിട്ടുണ്ട്. ആ സമയമാകുന്നതുവരെ അവർക്ക് അല്ലാഹുവിലേക്ക് മടങ്ങാനുള്ള അവസരമാകുന്നു.

ഈ സൂക്തത്തിൽ ٱلذِّكْرُ കൊണ്ടുദ്ദേശ്യം വിശുദ്ധ ഖുർആനാണ്. ذكرى ഖുർആനിലെ താക്കീതുകളാകാം, ഖുർആൻ മൊത്തവുമാകാം. شك-നും ذكر-നും ഇടക്ക് من ചേർത്തുപറഞ്ഞതിനർഥം ذكر-ന്റെ യാഥാർഥ്യത്തിൽ അവർക്കു സംശയമുളവായിരിക്കുന്നു- نَشَأَ لَهُم الشَّكّ فِى شَأْنِ ذِكْرِى എന്നാണ്. നേരത്തേ നിഷേധത്തിന്റെ لا-യിൽ تاء അധികാക്ഷരമായി ചേർത്തതു പോലെ ഇവിടെ നിഷേധത്തിന്റെ لَمْ-ൽ അലിഫ് (ا) അധികമായി ചേർത്തതാണ് لَمَّا. لَمْ-ൽ അലിഫ് ചേരുമ്പോൾ നേരിയ അർഥവ്യത്യാസമുണ്ടാകും. സാമാന്യമായ നിഷേധമാണ് لَمْ. വക്താവ് അതു വചിക്കുന്നതുവരെ 'ഇല്ല' എന്നാണ് لَمَّا കുറിക്കുന്നത്. ഇതുവരെയും അവർ എന്റെ ശിക്ഷയനുഭവിച്ചിട്ടില്ല എന്നാണ് لَمَّا يَذُوقُواْ عَذَابِ-യുടെ ആശയം. അടുത്ത ഭാവിയിലോ വിദൂര ഭാവിയിലോ ശിക്ഷിക്കപ്പെടാം. ബദ്ർ മുതൽ മക്കാ വിമോചനം വരെയുള്ള സംഭവങ്ങളിൽ ഖുറൈശികൾക്കേറ്റ നാശനഷ്ടങ്ങൾ ആ ശിക്ഷയുടെ ഭാഗങ്ങളായിരുന്നു. ●

---

أَمۡ عِندَهُمۡ خَزَآئِنُ رَحۡمَةِ رَبِّكَ ٱلۡعَزِيزِ ٱلۡوَهَّابِ ﴿٩﴾

9. അതല്ല നിന്റെ, അജയ്യനും അത്യുദാര ദാനിയുമായ നാഥന്റെ അനുഗ്രഹ ഖജനാവുകൾ ഇവരുടെ കൈവശമാണോ?

**9**

أَمْ عِندَهُمْ = അവരുടെ അടുക്കൽ (കൈവശം) ആണോ خَزَآئِنُ = ഖജനാവുകൾ
رَحْمَةِ رَبِّكَ = നിന്റെ നാഥന്റെ അനുഗ്രഹത്തിന്റെ ٱلْعَزِيزِ = അജയ്യനായ ٱلْوَهَّابِ = അത്യുദാര ദാനിയുമായ

തങ്ങൾക്ക് പ്രവാചകനായി നിയോഗിക്കപ്പെടാൻ മുഹമ്മദ് (സ) യോഗ്യനല്ല എന്ന ഖുറൈശീ പ്രമുഖരുടെ ധിക്കാരവും ധാർഷ്ട്യവും നിറഞ്ഞ വാദത്തിനുള്ള മറുപടിയാണിത്. അതു പറയാൻ അവരാരാണെന്നാണ് വിചാരം? അല്ലാഹുവിന്റെ അനുഗ്രഹ ഖജനാവ് അവരുടെ കൈവശമാണോ? അവൻ അതിന്റെ താക്കോലുകൾ അവരെ ഏൽപിച്ചിരിക്കുകയാണോ? ഇഷ്ടമുള്ളവർക്ക് തുറന്നുകൊടുക്കാനും ഇഷ്ടമില്ലാത്തവർക്കുനേരെ അടച്ചുപൂട്ടാനും ദൈവാനുഗ്രഹങ്ങളുടെ -رَبّ- സ്രഷ്ടാവും ഉടമയും നിന്റെ നാഥനാണ്. അതിന്റെ സൃഷ്ടിയിലും സ്ഥിതിയിലും ഇവർക്കെന്നല്ല അവനല്ലാത്ത ആർക്കും ഒരു പങ്കുമില്ല. അവൻ العزيز- അജയ്യനുമാണ്. അതു കൈകാര്യം ചെയ്യാൻ ആരുടെയും സമ്മതമോ സഹായമോ അവനാവശ്യമില്ല. തന്റെ അനുഗ്രഹം ആർക്കു നൽകേണ്ട, ആർക്ക് നൽകണം എത്ര നൽകണം എന്നൊക്കെ തീരുമാനിക്കുന്നത് അവൻ മാത്രമാണ്. അവന്റെ തീരുമാനം റദ്ദാക്കാനോ മറികടക്കാനോ കഴിയുന്ന ആരുമില്ല. താനിഛിക്കുന്നവർക്ക് പരിമിതികളില്ലാതെ എന്തും എത്രയും ദാനം ചെയ്യുന്ന അത്യുദാര ദാനി (وهّاب) യുമാണവൻ. 43:32 ചോദിക്കുന്നത്: أَهُمْ يَقْسِمُونَ رَحْمَتَ رَبِّكَ (അവരാണോ നിന്റെ നാഥന്റെ അനുഗ്രഹം വിതരണം ചെയ്യുന്നത്?). 52:37-ൽ ചോദിക്കുന്നതിങ്ങനെ: أَمْ عِندَهُمْ خَزَائِنُ رَبِّكَ أَمْ هُمُ الْمُصَيْطِرُونَ (അതല്ല നിന്റെ നാഥന്റെ ഖജനാവുകൾ ഇവരുടെ കൈവശമാണോ, ഇവരാണോ അവ ഭരിക്കുന്നത്?). പ്രവാചക നിയോഗത്തെക്കുറിച്ച് 6:124-ൽ പ്രസ്താവിച്ചു: اللَّهُ أَعْلَمُ حَيْثُ يَجْعَلُ رِسَالَتَهُ (അല്ലാഹുവിന് നന്നായറിയാം, തന്റെ സന്ദേശം എവിടെ ഏൽപിക്കണമെന്ന്). ●

---

أَمۡ لَهُم مُّلۡكُ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ وَمَا بَيۡنَهُمَاۖ فَلۡيَرۡتَقُواْ فِى ٱلۡأَسۡبَٰبِ ﴿١٠﴾

10. അതോ, വാനലോകത്തിന്റെയും ഭൂലോകത്തിന്റെയും അവക്കിടയിലുള്ളതിന്റെയും ഉടമസ്ഥാധികാരം അവർക്കുണ്ടെന്നോ? എങ്കിലവർ വാനലോകത്തേക്കാരോഹണം ചെയ്യട്ടെ.

**10**

أَمْ لَهُم = അതോ അവർക്കുണ്ടോ

مُّلْكُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا = വാനലോകത്തിന്റെയും ഭൂലോകത്തിന്റെയും അവക്കിടയിലുള്ളതിന്റെയും ഉടമസ്ഥാധികാരം

فَلْيَرْتَقُوا۟ فِى ٱلْأَسْبَـٰبِ = എങ്കിൽ അവർ കോണിയിൽ കയറട്ടെ (വാനലോകത്തേക്കാരോഹണം ചെയ്യട്ടെ)

അതല്ലെങ്കിൽ വാനലോകത്തിന്റെയും ഭൂലോകത്തിന്റെയും അവക്കിടയിലുള്ള സകലതിന്റെയും -പ്രപഞ്ചത്തിന്റെ- ഉടമസ്ഥരും അധികാരികളും അവരാണോ? ആണെങ്കിൽ വാനലോകത്തേക്ക് കയറി വന്ന് പ്രപഞ്ചത്തെ നിയന്ത്രിക്കുകയും ഇഷ്ടമുള്ളതെടുത്ത് ഇഷ്ടമുള്ളവർക്ക് വിതരണം ചെയ്യുകയും ഇഷ്ടമില്ലാത്തവർക്ക് വിലക്കുകയും ചെയ്യട്ടെ. ارتقاء(ആരോഹണം)-ൽനിന്നുള്ള ശാസനാ ക്രിയാരൂപമാണ് لِيَرْتَقُواْ. നേരത്തേ പലവട്ടം വന്നിട്ടുള്ളതാണ് اسباب അതിന്റെ ഏകവചനം سبب. കാരണം, മാധ്യമം, അവലംബം, കോണി തുടങ്ങിയ അർഥങ്ങളിലുപയോഗിക്കുന്നു سبب. മൗലികമായി, പഴം പറിക്കാൻ ഈത്തപ്പനയുടെ മുകളിലേക്ക് കയറാൻ അവലംബിക്കുന്ന കയറാണ് سبب. കയറ് രണ്ടെണ്ണമുണ്ടാവുകയും നിശ്ചിത അകലത്തിൽ തുണ്ടുകയറുകൾ കൊണ്ടോ തടിക്കഷ്ണങ്ങൾ കൊണ്ടോ അവയെ ബന്ധിപ്പിക്കുകയും ചെയ്യുമ്പോൾ അത് കോണി سلّم ആകുന്നു. اسباب-ന് തനിയെ مدّ الأسباب ആകാശം എന്നർഥമില്ലെങ്കിലും ارتقاء الأسباب-ഉം -ഉം വിണ്ണിലേക്കാരോഹണം ചെയ്യുക എന്ന അർഥത്തിലുള്ള ശൈലിയാണ്. അസാധ്യമായ കാര്യത്തിന് തുനിയുക എന്ന അർഥത്തിലും ഇതുപയോഗിക്കുന്നു. ●

---

جُندٌ مَّا هُنَالِكَ مَهْزُومٌ مِّنَ ٱلْأَحْزَابِ ﴿١١﴾

11. ഇവിടെത്തന്നെ പരാജയപ്പെടാൻ പോകുന്ന കക്ഷികളിൽ ഒരു പടയത്രെ ഇവർ.

**11**

جُندٌ مَّا = (ഇവർ) ഒരു പടയത്രെ

هُنَالِكَ مَهْزُومٌ = അ(ഇ)വിടെ തോൽപ്പിക്കപ്പെടുന്ന (ഇവിടെത്തന്നെ പരാജയപ്പെടാൻ പോകുന്ന)

مِّنَ الْأَحْزَابِ = കക്ഷികളിൽ, പാർട്ടികളിൽപെട്ട

തങ്ങൾ മഹാ വീരശൂര പരാക്രമികളും ഉഗ്രപ്രതാപികളുമൊക്കെയാണെന്ന ഖുറൈശികളുടെ മിഥ്യാഭിമാനത്തിന് (അതാണല്ലോ പ്രവാചക സന്ദേശം തള്ളിക്കളയാൻ അവരെ ധൃഷ്ടരാക്കുന്ന പ്രധാന ഘടകം) അല്ലാഹുവിന്റെ ശിക്ഷക്കു മുന്നിൽ ഒരു വിലയുമില്ല എന്നോർമിപ്പിക്കുകയാണ്.

جند സൈന്യമാണ്. അത് സാമാന്യ നാമമായി -نكرة പറയുന്നതിൽ വലിയ സൈന്യം എന്ന ധ്വനിയുണ്ട്. ശേഷമുള്ള ما അധികം-زائد ആണെങ്കിലും അത് جند-ന്റെ അർഥത്തെ പുഷ്ടിപ്പെടുത്തുന്നതാണെന്ന് ഭാഷാഭിജ്ഞർ പറയുന്നു. അവിടെയും അങ്ങും ആ സ്ഥലവുമാണ് هُنَالِكَ. ഇവിടെ, ഇങ്ങ്, ഈ സ്ഥലം എന്നുദ്ദേശിച്ചും ഉപയോഗിക്കും. 7-ാം സൂക്തം പരാമർശിച്ച ദൈവശിക്ഷയുടെ -عَذَاب- ആഗമനത്തെയാണ് ഈ هُنَالِكَ സൂചിപ്പിക്കുന്നതെന്നും ചിലർ വ്യാഖ്യാനിച്ചിരിക്കുന്നു. അവിടെ എന്നർഥം കൽപിക്കുന്നവരുടെ വീക്ഷണത്തിൽ മുസ്‌ലിംകളും മുശ്‌രിക്കുകളും തമ്മിൽ ആദ്യ സംഘട്ടനം നടന്ന ബദ്‌റോ അഹ്സാബ് യുദ്ധം നടന്ന മദീനയോ ആണ് هُنَالِكَ കൊണ്ടുദ്ദേശം. ഇവിടെ എന്നർഥം കൽപിക്കുന്നവരുടെ ദൃഷ്ടിയിൽ ഉദ്ദേശ്യം മക്കയാണ്. ഇവ മൂന്നും സത്യനിഷേധികൾ തോൽപിക്കപ്പെട്ട സ്ഥലങ്ങളാണ്. ശിക്ഷ വരുന്നിടമാണ് هُنَالِكَ എന്നു പറയുന്നവരുടെ ദൃഷ്ടിയിൽ അത് മേൽപറഞ്ഞ സ്ഥലങ്ങൾക്കു പുറമെ യുദ്ധേതരമായ ശിക്ഷകൾ വന്നുഭവിക്കുന്ന സ്ഥലങ്ങളും സന്ദർഭങ്ങളും കൂടി ഉൾക്കൊള്ളുന്നതാണ്. حِزب-ന്റെ ബഹുവചനമാണ് احزاب. ഒരേ വീക്ഷണവും നിലപാടുമുള്ള പല കൂട്ടായ്മകൾ, കക്ഷികൾ. വിവിധ ദേശങ്ങളിലും സമുദായങ്ങളിലും, വിവിധ ലക്ഷ്യങ്ങളും നിലപാടുകളും ഉള്ളതോടൊപ്പം ഇസ്‌ലാമിനെതിരെ ഒന്നിക്കുന്ന നിഷേധിക്കൂട്ടങ്ങളാണ് ഇവിടെ വിവക്ഷ. അഹ്സാബ് യുദ്ധത്തിൽ മുസ്‌ലിംകൾക്കെതിരെ പടനയിച്ച മുശ്‌രിക്ക് ഗോത്രങ്ങളുടെയും യഹൂദ ഗോത്രങ്ങളുടെയും കൂട്ടായ്മകൾ ഉദാഹരണം. ഫറവോന്റെ ജനത്തിലെ സത്യവിശ്വാസി ഫറവോനോട് പറഞ്ഞതായി ഖുർആൻ ഉദ്ധരിക്കുന്നു:

وَقَالَ الَّذِي آمَنَ يَا قَوْمِ إِنِّي أَخَافُ عَلَيْكُم مِّثْلَ يَوْمِ الْأَحْزَابِ ﴿٣٠﴾ مِثْلَ دَأْبِ قَوْمِ نُوحٍ وَعَادٍ وَثَمُودَ وَالَّذِينَ مِن بَعْدِهِمْ ۚ وَمَا اللَّهُ يُرِيدُ ظُلْمًا لِّلْعِبَادِ ﴿٣١﴾

(വിശ്വസിച്ചവൻ പറഞ്ഞു: എന്റെ ജനമേ, ഇതിനുമുമ്പ് അൽ അഹ്സാബിനെ (നിരവധി കക്ഷികളെ) ബാധിച്ച ദുർദിനം നിങ്ങളെയും ബാധിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. നൂഹിന്റെ ജനത്തെയും ആദ്, സമൂദ് വർഗങ്ങളെയും അവർക്കുശേഷം പലരെയും ബാധിച്ചതുപോലുള്ള ദുർഗതി. അല്ലാഹു അവന്റെ ദാസന്മാരെ പീഡിപ്പിക്കാനാഗ്രഹിക്കുന്നില്ല -40:30-31). ഈ സൂക്തങ്ങളിലെന്നപോലെ ഇവിടെയും احزاب കൊണ്ടുദ്ദേശിച്ചിട്ടുള്ളത് ഇസ്‌ലാംവിരുദ്ധ സഖ്യങ്ങളെയും ശക്തികളെയുമാണ്.

വചനതാൽപര്യമിതാണ്: എത്ര പെരുത്തവരും ശക്തരുമാണെങ്കിലും നിങ്ങളീ ഊറ്റം കൊള്ളുന്ന വീര്യവും ശൗര്യവും പ്രതാപവുമൊന്നും നിങ്ങൾ സംശയിക്കുന്ന ദൈവിക ശിക്ഷ വന്നെത്തുമ്പോൾ ഒരു പ്രയോജനവും ചെയ്യില്ല. അത് യാഥാർഥ്യമാകുമ്പോൾ അവിടെ ബദ്‌റിലും മദീനയിലും, അല്ലെങ്കിൽ ഇവിടെ ഈ മക്കയിൽ തന്നെ ദയനീയമായി തോൽപ്പിക്കപ്പെടാൻ പോകുന്ന കക്ഷികളിലൊന്നു മാത്രമാകുന്നു നിങ്ങൾ. അഞ്ചോ ആറോ വർഷം കഴിഞ്ഞ് ഹിജ്റ 2-ാം ആണ്ടിൽ നടന്ന ബദ്ർ യുദ്ധത്തിൽ തന്നെ ഈ പ്രവചനം പുലർന്നു. അഹ്സാബ് യുദ്ധവും മക്കാ വിമോചനവും അതിന്റെ തുടർച്ചകളായിരുന്നു. ●